## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : **35**

**02.12.2014**- ലെ മറുപടിക്ക്

**ആശ്വാസ് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ജോസഫ് വാഴയ്ക്കൻ**<br>**,, തേറമ്പിൽ രാമകൃഷ്ണൻ**<br>**,, എം.എ വാഹീദ്**<br>**,, പാലോട് രവി** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണമേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദ മാക്കുമോ; | (എ) ഉണ്ട്. 2011 ജൂലായ് 1 മുതൽ 45 ദിവസത്തേക്ക് 'ആശ്വാസ് 2011 ' എന്ന പേരിലും, 2012 ജലായ് 1 മുതൽ 2012 ആഗസ്റ്റ് 31 വരെ (62 ദിവസത്തേക്ക്) 'ആശ്വാസ് 2012' എന്ന പേരിലും , 2014 ജനവരി 15 മുതൽ മാർച്ച് 31 വരെ 'ആശ്വാസ് 2014' എന്ന പേരിലും നടപ്പിലാക്കിയിരുന്നു. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതികൾ വഴി കൈവരിക്കാനുദ്ദേ ശിച്ചതെന്ന് വിശദമാക്കുമോ; | (ബി) സഹകരണ വായ്പാ സ്ഥാപനങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനും , സാധാരണക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും അതോടൊപ്പം വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും, കുടിശ്ശിക പിരിവിൽ പുരോഗതി കൈവരിക്കുന്നതിനും ഉദ്ദേശിച്ചാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിരുന്നത്. |
| സി) പദ്ധതിയനുസരിച്ച് ഇതുവരെ എന്തെല്ലാം ആനുകൂല്യങ്ങളും സഹായ ങ്ങളുമാണ് നൽകിയത്; വിശദ മാക്കുമോ; | (സി) ആശ്വാസ് 2011 പദ്ധതി പ്രകാരം 45.62 കോടി രൂപയും ആശ്വാസ് 2012 പദ്ധതി പ്രകാരം 53.48 കോടി രൂപയും ആശ്വാസ് 2014 പദ്ധതി പ്രകാരം 128.39 കോടിരൂപയും പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവുകൾ നൽകിയിട്ടുണ്ട്. |
| ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകാമോ? | (ഡി) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക് , സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ വിഭാഗം സംഘങ്ങളിൽ ആശ്വാസ് കുടിശ്ശിക നിവാരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**